**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 112** **22-02-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഗുണ്ടാ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര ഗുണ്ടാ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; പരിക്കേറ്റവർ എത്ര; കണക്കുകൾ ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഗുണ്ടാ ആക്രമണങ്ങളുടെ പേരിൽ 18 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്രമണങ്ങളിൽ 3 പേർ കൊല്ലപ്പെടുകയും 17 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വർദ്ധിച്ചുവരുന്ന ഗുണ്ടാ ആക്രമണം തടയാൻ പോലീസിന് കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഗുണ്ടാ ആക്രമണങ്ങൾ ഫലപ്രദമായി തടയുന്നതിനുതകുന്ന ശക്തമായ നിയമ നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നതിന്റെ ഫലമായി അത്തരം സ്ഥിതി വിശേഷം സംജാതമായിട്ടില്ല. |
| (സി) | പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന തരത്തിലുള്ള ഏതെങ്കിലും റിപ്പോർട്ട് ആഭ്യന്തര വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്കെതിരെ കാപ്പ ചുമത്തിയിട്ടുണ്ട്; അതിൽ എത്രപേരെ അറസ്റ്റുചെയ്തു; കാപ്പ ചുമത്തപ്പെട്ട എത്രപേരാണ് നിലവിൽ ജയിലിനു പുറത്ത് കഴിയുന്നത്; വിശദമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പാ നിയമത്തിലെ സെക്ഷൻ 3 പ്രകാരം 33 പേർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവും, സെക്ഷൻ 15 പ്രകാരം 93 പേർക്കെതിരെ സഞ്ചലന നിയന്ത്രണ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ നിലവിൽ ഒരാളെ അറസ്റ്റു ചെയ്യുവാനുണ്ട്. |

സെക്ഷൻ ഓഫീസർ